**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 498** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>റാന്നി മണിയാർ ജലവൈദ്യുത പദ്ധതി - കരാർ കാലാവധി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പഴകുളം മധു

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** റാന്നി മണിയാർ ജലവൈദ്യുത പദ്ധതിയുടെ 30 വർഷത്തെ കരാർ കാലാവധി എന്നാണ് അവസാനിച്ചതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മണിയാർ ജലവൈദ്യുത പദ്ധതിയുടെ കരാർ കാലാവധി 31.12.2024-ൽ ആണ് അവസാനിച്ചത്.

**(ബി)** കാലാവധി കഴിഞ്ഞിട്ടും സ്വകാര്യ കമ്പനിയിൽ നിന്നും പ്രസ്തുത വൈദ്യുത നിലയം തിരിച്ചെടുക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്നും വൈദ്യുത നിലയം ഏറ്റെടുക്കുന്നതിന് നിലവിൽ എന്ത് തടസ്സമാണുള്ളത് എന്നും വിശദമാക്കാമോ;

**<u>മറുപടി:</u>** 28.04.2026-ൽ സർക്കാർ നിർദ്ദേശിച്ച പ്രകാരം മണിയാർ ജലവൈദ്യുതി പദ്ധതി 29.04.2026-ന് കെ.എസ്.ഇ.ബി ഏറ്റെടുക്കുകയുണ്ടായി. എന്നാൽ 04.05.2026-ലെ കത്ത് പ്രകാരം പ്രസ്തുത പദ്ധതി കെ.എസ്.ഇ.ബി ഏറ്റെടുക്കുന്നത് താല്ക്കാലികമായി നിർത്തിവയ്ക്കാൻ സർക്കാർ ആവശ്യപ്പെട്ടു. നിയമ സെക്രട്ടറി കൺവീനറും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ അംഗങ്ങളും ആയ കമ്മിറ്റി രൂപീകരിച്ച് ഈ വിഷയം പരിശോധിക്കുവാൻ തീരുമാനിച്ചു. കമ്മിറ്റിയുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും തുടർ നടപടികൾ സ്വീകരിക്കുക. ഇതു കൂടാതെ പദ്ധതി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കാർബോറണ്ടം കമ്പനി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപി-ക്കുകയും, കേരള ഹൈക്കോടതി മേൽ സൂചിപ്പിച്ച സർക്കാർ കമ്മിറ്റിയോട് കാർബോറണ്ടത്തെ കൂടി കേട്ടതിനു ശേഷം മാത്രമേ തീരുമാനമെടുക്കാവൂ എന്ന് നിർദ്ദേശിക്കുകയും മണിയാർ ജലവൈദ്യുത പദ്ധതി കെ.എസ്.ഇ.ബി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തല്ക്കാലത്തേക്ക് നിർത്തിവയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

**(സി)** കരാർ കാലാവധി കഴിഞ്ഞ ശേഷം ഉൽപാദിപ്പിച്ച വൈദ്യുതിയുടെ മാർക്കറ്റ് വില കമ്പനിയിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** കരാർ കാലാവധി കഴിഞ്ഞ ശേഷം മണിയാർ ജലവൈദ്യുത പദ്ധതിയിൽ നിന്ന് ഉത്പാദിപ്പിച്ച വൈദ്യുതി കാർബോറാണ്ടം കമ്പനിയിലെ വൈദ്യുതി ഉപഭോഗത്തിൽ അഡ്ജസ്റ്റ്

ചെയ്ത് കൊടുത്തിട്ടില്ല. പ്രസ്തുത കാലയളവിൽ നടന്ന ഇടപാടുകൾ പരിശോധിക്കുന്നതാണ്.

**(ഡി)** പ്രസ്തുത കാലയളവിൽ നടന്ന ഇടപാടുകൾ എന്തൊക്കെയാണെന്ന് അന്വേഷിക്കുമോ എന്ന് വ്യക്തമാക്കാമോ?

**മറുപടി:** കരാർ കാലാവധി കഴിഞ്ഞ ശേഷം മണിയാർ ജലവൈദ്യുത പദ്ധതിയിൽ നിന്ന് ഉത്പാദിപ്പിച്ച വൈദ്യുതി കാർബോറാണ്ടം കമ്പനിയിലെ വൈദ്യുതി ഉപഭോഗത്തിൽ അഡ്ജസ്റ്റ് ചെയ്ത് കൊടുത്തിട്ടില്ല. പ്രസ്തുത കാലയളവിൽ നടന്ന ഇടപാടുകൾ പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**